MCC Library

C 82758 (Pages : 3) Name.....................................

Reg. No..................................

# SECOND SEMESTER M.A./M.Sc./M.Com. DEGREE EXAMINATION JUNE 2020

(CUCSS)

Malayalam

MAL E2/8 (d)—NAVEENA KAVITHA

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഹ്രസ്വഖണ്ഡികയിൽ പതിനാല് ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 ''എല്ലാം പറഞ്ഞു കഴിഞ്ഞിട്ടു നോക്കുകി-

ലെന്തുണ്ട് രാമന്റെ സഞ്ചിയിൽ'' വിവക്ഷിതമെന്ത് ?

2 ''ഞാനന്നു ചിരിക്കും'' ആരുടെ പ്രതിജ്ഞ ? വിശദമാക്കുക.

3 ''അങ്ങോട്ടു നീങ്ങുവിൻ മെല്ലെ; നാമീരാവി-

ലങ്ങു വിരുന്നു പോകയേത്ര'' വിരുന്നിന്റെ പ്രത്യേകത വിശദീകരിക്കുക.

4 ''തെളിഞ്ഞ മൽഗ്രാമം

ഒരു വിഢ്ഢികണക്കേ നിൽപ്പൂ മൂകം'' ധ്വനിതലം വിശദമാക്കുക.

5 ''നിർത്തുകീ യമലോകദർശനം'' കവി വിവക്ഷിക്കുന്ന യമലോക ദർശനം എന്താണ് ?

6 ''ഈ സ്തോഭ നിർദ്ദയ പർവത്തിലും ദയാ

പൂരമായ് ശാന്തിപ്രഭാവമായ് തീരണേ'' കവിയുടെ പ്രാർത്ഥനയ്ക്ക് അടിസ്ഥാനമെന്ത് ?

7 ''പൊൻകോലം കേറ്റുവാൻ കുമ്പിട്ടീലല്ലോനിന്റെ മസ്തകം

ഇരുമ്പു കൂച്ചാൽ ബന്ധിക്കപ്പെട്ടീലല്ലോ പദങ്ങളും''. വിവക്ഷിതാർത്ഥം എന്ത് ?

8 ''പൊള്ളുകയാണുള്ളു

നമ്മളെപ്പെറ്റൊര

ത്തള്ളപ്പറയി-

യ്ക്കുറങ്ങരുതാരുമേ'' ഈ ദു:സ്ഥിതിക്ക് കാരണമെന്ത് ?

Turn over

MCC Library



9 ''എനിക്ക് ഏറ്റവും ദുസ്സഹമായ വേദനകൾ

എന്റെ ശരീരത്തിലേൽപ്പിക്കപ്പെടുന്ന വേദനകളാണ് '' ആരുടെ വാക്കുകൾ ? സൂചിതമെന്ത് ?

10 ''ഉരുകുന്നിതാ മുഖം; ഉരുകുന്നുടൽ; പകൽ

എരിയുന്നതിനൊപ്പം ഉരുകിത്തീരുന്നെല്ലാം'' വിവക്ഷിതം വ്യക്തമാക്കുക.

11 ''വീട്ടുകാരന്റെ നുണകൂവും കോഴിയായ് '' വരുമ്പോൾ എന്തെല്ലാം അനുഭവങ്ങൾ കവിക്ക് നേരിടേണ്ടിവരുന്നു ?

12 ''വിശ്വനായക

നിന്നെ ഞാനറിയുന്നേൻ'' പ്രസ്താവനയുടെ പൊരുളെന്ത് ?

13 ''എന്നോ കൊഴിഞ്ഞ കരിയിലക്കാര്യങ്ങ-

ളോർമ്മയിൽ ചാരമായ് തീർന്നു'' വരികളിലെ സൂചനയെന്ത് ?

14 ''കുട്ടികളെപ്പോലെ

ഈച്ചകൾക്കും അഭിമാനമില്ല'' ഇങ്ങനെ പറയാൻ കവി കാണുന്ന കാരണങ്ങൾ എന്തെല്ലാം ?

(14 × 1 = 14 weightage)

II. വലിയ ഖണ്ഡികയിൽ **ഏഴെണ്ണത്തിനു** മാത്രം ഉത്തരമെഴുതുക :

15 ''അറിഞ്ഞിട്ടും താങ്കളറിയുന്നില്ലല്ലോ

പരിണാമത്തിന്റെ വളഞ്ഞ ചില്ലയിൽ

വയസ്സനാം ദൈവം മറന്നൊരീ കുട'' ഈ സങ്കൽപത്തിൽ എന്തെല്ലാം ആശയങ്ങളാണ് കവി ഒതുക്കി വച്ചിട്ടുള്ളത് ? വിശദീകരിക്കുക.

16 ''അവരാണല്ലോ പച്ചക്കോലവും കെട്ടിക്കൊണ്ടീ

കരയൊക്കയും കാവായ് മാറ്റിയ തെയ്യങ്ങളും'' മാവുകളെക്കുറിച്ചുള്ള ഈ കല്പനയുടെ സാരസ്യം വ്യക്തമാക്കുക.

17 'കറുത്ത കല്ല്' ' എന്ന കവിത ഉന്നയിക്കുന്ന രാഷ്ട്രീയം എന്താണ് ?

18 'കൽ വീട് '' എന്ന കവിതയിലെ ആഖ്യാതാവ് വർഗ്ഗസ്വഭാവം പുലർത്തുന്നുണ്ടോ ? പരിശോധിക്കുക.

19 ''സി.വി. മീൻസ്

സിവിലിയൻസ് ആർ വിക്ടിംസ് '' ഈ നിരീക്ഷണത്തിന്റെ സാധുത വിശകലനം ചെയ്യുക.

MCC Library



20 ''ഇല്ല നാടൻ മലയാളത്തിലച്ഛന്റെ

നല്ല മൊഴിയിൽ ചുരത്തുമകിടുകൾ'' കവിവിവക്ഷിതം വിശദീകരിക്കുക.

21 'അവൻ ഞാൻതന്നെയാകുന്നു' എന്ന കവിയുടെ ആശയം വിശകലനം ചെയ്യുക.

22 ശൈശവത്തിൽ കവിക്ക് രാത്രി എങ്ങനെയെല്ലാമാണ് അനുഭവപ്പെട്ടത് ?

23 ''പാണിയോലുന്ന വിധ്വംസ സിദ്ധിയാൽ

ഞാൻ നിനക്കിന്നു തുല്യനെന്നോർക്കണം'' ഭസ്മാസുരന്റെ അവകാശവാദത്തിന്റെ പൊരുൾ വ്യക്തമാക്കുക.

24 'അഹൈന്ദവം' എന്ന കവിത ഉന്നയിക്കുന്ന സാമൂഹികപ്രശ്നം എന്താണ് ? അതിനോട് കവിയുടെ സമീപനം എന്താണ് ?

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക :

25 ദുരന്തവാർത്തകൾക്ക് ഫലിതത്തിന്റെ നിറം കൊടുക്കുമ്പോൾ സംഭവിക്കുന്ന രാസപരിണാമം 'എലികൾ' എന്ന കവിതയിൽ എത്രമാത്രം പ്രകടമാണ് ?

26 ഐക്യബോധത്തിലേക്കുള്ള യാത്രയാണ് 'കിരാതവൃത്തം'—സമർത്ഥിക്കുക.

27 പുതിയ കവിത കൈകാര്യം ചെയ്യുന്ന സൂക്ഷ്മരാഷ്ട്രീയത്തെ പ്രതിനിധാനം ചെയ്യുന്ന

രചനകൾ പാഠഭാഗത്തുണ്ടോ ? പരിശോധിച്ച് വിശകലനം ചെയ്യുക.

28 'ബംഗാൾ' എന്ന കവിതയിലെ ബിംബകല്പനയുടെ സ്വാഭാവം വിവരിക്കുക

(2 × 4 = 8 weightage)